നടപ്പാക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. അതിനുള്ള കരടുചട്ടങ്ങളും മറ്റും തയ്യാറാക്കി വരുന്നു.

ചെമ്പിലോട് മൃഗാശുപത്രി

87 (136) ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ചെമ്പിലോട് മൃഗാശുപത്രിയിൽ ഒരു ഡോക്ടറുടെ സേവനം സ്ഥിരമായി ലഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിൽ സ്ഥിരമായി ഡോക്ടർ ഇല്ലാതായിട്ട് എത്ര കാലമായെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മൃഗസംരക്ഷണ ഡയറക്ടറുടെ 25.11.99-ലെ ഡി.6. 33076/99 ഉത്തരവനുസരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഡോ. ഷിബു പി.എം. നെ ചെമ്പിലോട് മൃഗാശുപത്രിയിൽ നിയമിച്ചിട്ടുണ്ട്.

(സി) ഒരു വർഷമായി സ്ഥിരമായ ഡോക്ടറെ നിയമിച്ചിട്ടില്ല.

സംസ്ഥാനത്തെ ആരോഗ്യമേഖല

88 (137) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യമേഖല പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ആശുപത്രികളിലും രോഗികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ആശുപത്രികളിൽ ആവശ്യമായ മരുന്നുകളും മറ്റത്യാവശ്യ സാധനങ്ങളും ലഭ്യമാക്കാൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ;

(ഡി) എല്ലാ ആശുപത്രികളിലും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആശുപത്രി വികസന കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) പൊതുജനങ്ങളുടേയും രോഗികളുടേയും പരാതി പരിഹരിക്കുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) എല്ലാവർക്കും ആരോഗ്യം എന്ന ആശയം പ്രാവർത്തികമാക്കുന്നതിനായി രോഗപ്രതിരോധത്തിനും രോഗചികിത്സയ്ക്കും ആരോഗ്യ ബോധ

LIBRARY ARCHIVES Kerala Legislative Assembly

വൽക്കരണത്തിനും പ്രാമുഖ്യം നൽകിക്കൊണ്ട് ഭാരതസർക്കാരിന്റെ വിവിധ ആരോഗ്യ പരിപാടികൾ സമയബന്ധിതമായി സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കിവരുന്നു. കുഷ്ഠം, ക്ഷയം, മന്ത്, മലമ്പനി, എയ്ഡ്സ് എന്നീ രോഗനിയന്ത്രണ പരിപാടികളും കുടുംബക്ഷേമം, പോഷകാഹാരം, വികലാംഗക്ഷേമം, പ്രജനനശൈശവ ആരോഗ്യം എന്നീ ക്ഷേമ പരിപാടികളും അന്ധതനിവാരണം, പോളിയോ നിർമ്മാർജ്ജനം, മാനസികാരോഗ്യം എന്നീ പദ്ധതികളുമാണ് ഇപ്രകാരം നടപ്പിലാക്കിവരുന്നത്. ഈ പദ്ധതികളിൻ കീഴിൽ ആശുപത്രികളിൽ ആധുനിക ചികിത്സാ സൗകര്യങ്ങൾ, ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കി ജനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നു. ഉൾനാടൻ പ്രദേശങ്ങളിൽ ആവശ്യാനുസരണം അപ്പപ്പോൾ ചികിത്സാ ക്യാമ്പുകൾ നടത്തുന്നുണ്ട്. ഇപ്രകാരം എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടേയും മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളുടേയും തെരഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടേയും സേവനഗുണനിലവാരം വർദ്ധിപ്പിച്ചുവരുന്നു. ആയുർവേദ/ഹോമിയോപ്പതി ചികിത്സാ സൗകര്യങ്ങൾ ഉൾനാടൻ മേഖലകളിൽ എത്തിക്കുന്നതിനായി ഡിസ്പെൻസറികൾ സ്ഥാപിക്കുകയും അവ യഥോചിതം ആശുപത്രികൾ ആക്കുകയും ചെയ്തുവരുന്നു.

മെഡിക്കൽ കോളേജുകളിൽ അത്യന്താധുനിക യന്ത്ര സാമഗ്രികൾ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും സ്ഥാപിച്ചു സാധുക്കൾക്ക് സൗജന്യ നിരക്കിൽ ചികിത്സ ലഭ്യമാക്കുന്നുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ചെലവ് കൂടിയ കിഡ്നി ചികിത്സ, ഹൃദ്രോഗ ചികിത്സ തുടങ്ങിയവയ്ക്ക് സഹായധനം നൽകുന്നതിനുള്ള ഒരു പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ജില്ലാ ആശുപത്രികൾ വരെയുള്ള സ്ഥാപനങ്ങൾ ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലായതിനാൽ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്നതനുസരിച്ച് കിടത്തി ചികിത്സയില്ലാത്ത സ്ഥലങ്ങളിൽ കിടക്കകളും സ്റ്റാഫും ധനലഭ്യത അനുസരിച്ച് അനുവദിക്കുന്നുണ്ട്. ആധുനിക ഉപകരണങ്ങളും മരുന്നുകളും സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് വിതരണം ചെയ്തുവരുന്നു.

(സി) മരുന്നുകൾ ജില്ലാ മെഡിക്കൽ സ്റ്റോറുകളിൽ സംഭരിച്ച് ആവശ്യാനുസരണം വിതരണം നടത്തിവരുന്നു. വാർഷിക ഇൻഡന്റ് അനുസരിച്ച് മറ്റ് എല്ലാ സാധനങ്ങളും ഇപ്രകാരം ലഭ്യമാക്കുന്നുണ്ട്. മരുന്നിന് ദൗർലഭ്യം നേരിട്ടാൽ ആയത് ലോക്കൽ പർച്ചേസ് വഴി വാങ്ങുന്നതിന് ആശുപത്രി സൂപ്രണ്ടിന് അധികാരം ഉണ്ട്.

(ഡി) മിക്ക പ്രധാന സർക്കാർ ആശുപത്രികളിലും ആശുപത്രി വികസന സമിതികൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്.

(ഇ) ഇതിനായി മെഡിക്കൽ കോളേജുകളിലും വകുപ്പു മേധാവികളുടെ ഓഫീസുകളിലും സംവിധാനം നിലവിലുണ്ട്. പരാതിയുടെ സ്വഭാവം അനുസരിച്ച് അവ പരിഹരിക്കുകയും ചെയ്യുന്നുണ്ട്.

ആരോഗ്യരംഗത്തെ പദ്ധതികൾ

89 (138) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly